LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധമന്ദിരം/യാചകമന്ദിരം എന്നിവിടങ്ങളിലെ താമസക്കാർക്ക് ഗ്രാന്റ് നൽകുന്നതായി എൻ.ജി.ഒ.യ്ക്ക് ഗ്രാന്റ് നൽകുന്ന "ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി" പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് 18-8-2015-ലെ സ.ഉ.(സാധാ)നമ്പർ522/2015/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു താമസക്കാരനുള്ള ഗ്രാന്റ് തുക 750 രൂപയിൽ നിന്നും 1,500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 14-1-2015-ലെ സ.ഉ(സാധാ) നമ്പർ17/2015/സാനീവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പ്രതിമാസ ഗ്രാന്റ് 850 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 10-10-2018-ലെ സ.ഉ(സാധാ)നമ്പർ590/2015/ സാനീവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുശേഷം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല. 29-7-2015-ലെ ജി.ഒ.(ആർ.ടി) നമ്പർ467/2015/സാ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഭക്ഷണം, മരുന്ന് എന്നിവയ്ക്ക് നൽകിയിരുന്ന പ്രതിമാസ ഗ്രാന്റ് 850 രൂപയിൽനിന്നും 3,000 രൂപയായും വസ്ത്രങ്ങൾക്ക് നൽകിയിരുന്ന പ്രതിവർഷ ഗ്രാന്റ് 1,000 രൂപയിൽനിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന സർക്കാർ അംഗീകാരമുള്ള സർക്കാർ/സർക്കാരിതര സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങൾക്ക് 21-11-2012-ലെ ജി.ഒ(ആർ.ടി) നമ്പർ511/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിച്ചു വരുന്നത്. സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഹോസ്റ്റൽ/ഹോം മെയിന്റനൻസ്, മെഡിസിൻ & ലാബ് ചാർജ്ജുകൾ എന്നിവയ്ക്ക് പ്രതിമാസം 750 രൂപയും, കണ്ടിജൻസിക്ക് പ്രതിവർഷം 1,600 രൂപയും ഗ്രാന്റായി അനുവദിച്ചുവരുന്നു. ടി ഗ്രാന്റ്തുക ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ

58(326) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് മസ്റ്ററിംഗ് നടത്താത്തതിന്റെ പേരിൽ പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; മസ്റ്ററിംഗ് ചെയ്താൽ പെൻഷൻ കുടിശിക ഉൾപ്പെടെ ഗുണഭോക്താവിന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ പെൻഷൻ തടഞ്ഞു വച്ചിട്ടുണ്ട്. ഇവർ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന മാസം മുതൽ പെൻഷൻ നൽകുന്നതാണ്. കുടിശ്ശിക പെൻഷൻ തുക, ഇതിനായി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

വിധവാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ ഇളവുവരുത്താൻ നടപടി

59(327) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 31-3-2020 -ലെ 17/2020/ധന. നമ്പർ സർക്കുലർ പ്രകാരം ഭർത്താവ് ഉപേക്ഷിച്ചതും പുനർവിവാഹിതരല്ലാത്തതുമായ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് വിധവാ പെൻഷന് അർഹതയില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്

(ബി) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് മറ്റ് പൊതുമാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം വിധവാ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

നിലവിൽ പരിഗണനയിലില്ല

പെട്രോൾ, ഡീസൽ വിലവർദ്ധനവ്

60(329) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ് സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഃസ്സഹമാക്കിയതായി വിലയിരുത്തുന്നുണ്ടോ?

പെട്രോളിനും ഡീസലിനും അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ് സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഃസ്സഹമാക്കിയതായി വിലയിരുത്തിയിട്ടുണ്ട്.

(ബി) 2011-16 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ ആഘാതം കുറയ്ക്കുന്നതിനായി എത്ര തവണ നികുതി നിരക്കുകളിൽ കുറവു വരുത്തി; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly